പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 74 30.10.2019-ലെ മറുപടിയ്ക്ക്

## വനാവകാശ നിയമം സംബന്ധിച്ച സുപ്രീംകോടതി വിധി

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. അനിൽ അക്കര

**മറുപടി**

അഡ്വ.കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിരസിക്കപ്പെട്ടവ പുന:പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) | വനാവകാശനിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. വനം, റവന്യൂ വകുപ്പുകൾ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി വരുന്നു. വനാവകാശ നിയമപ്രകാരം ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമസഭകൾക്കാണ് (ഊരുക്കൂട്ടങ്ങൾ) അപേക്ഷകൾ സമർപ്പിക്കുന്നത്. ഗ്രാമസഭകൾ ടി അപേക്ഷകൾ പരിശോധിച്ച് ഉചിതമായവ തുടർ നടപടികൾക്കായി സബ്ഡിവിഷണൽ ലെവൽ കമ്മിറ്റിയ്ക്കും തുടർന്ന് ജില്ലാതല കമ്മിറ്റിക്കും കൈമാറുന്നു. മേൽ സമിതികൾ ഉചിതമല്ലായെന്ന് കണ്ടെത്തി നിരസിക്കുന്ന അപേക്ഷകൾ പുനപരിശോധിക്കുന്നതിനായി ത്രീലെവൽ കമ്മിറ്റികൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. വനഭൂമിയിൽ താമസിക്കുന്ന ആദിവാസികളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഒന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. |
| (ബി) | വനാവകാശ നിയമം നടപ്പിലാക്കിയ ശേഷം അപേക്ഷ നിരസിക്കപ്പെട്ടവർ വനഭൂമിയിൽ താമസിക്കുന്നുവെങ്കിൽ അവരെ ഒഴിപ്പിക്കണമെന്ന സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; | | |
| (സി) | വിധിയുടെ അടിസ്ഥാനത്തിൽ വിശദമായ സത്യവാങ്മൂലം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ടി വിഷയത്തിൽ ഫയൽ ചെയ്തിട്ടുള്ള 109/2008 മുതലായ കേസുകളിൽ സംസ്ഥാന സർക്കാർ (ചീഫ് സെക്രട്ടറി) വിശദമായ സത്യവാങ്മൂലം ബഹുമാനപ്പെട്ട സുപ്രീം കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | വനാവകാശ നിയമ പ്രകാരം പരിരക്ഷ ലഭിക്കുവാൻ അർഹരായ എല്ലാവരെയും സംരക്ഷിക്കുന്നതിനും അവർക്ക് കൈവശരേഖ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പും, വനം, റവന്യൂ വകുപ്പുകളും വനാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ